കെ.എസ്.ആർ.ടി.സി.-യെ ശക്തിപ്പെടുത്തൽ

330 (2205) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹികപ്രതിബദ്ധത നിലനിർത്തിക്കൊണ്ട് സ്വന്തം നിലയ്ക്ക് വരുമാനം വർദ്ധിപ്പിക്കുവാൻ കെ.എസ്.ആർ.ടി.സി. എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നു എന്ന് വിശദമാക്കുമോ ;

(ബി) മറ്റു ചില സംസ്ഥാനങ്ങളിലെ ട്രാൻസ്പോർട്ട് കോർപ്പറേഷൻ സ്വകാര്യവത്ക്കരിക്കുകയോ, പൂട്ടുകയോ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കെ.എസ്.ആർ.ടി.സി.-യെ ശക്തിപ്പെടുത്തുവാൻ സ്വീകരിച്ചിട്ടുള്ള പുനരുജ്ജീവന പദ്ധതികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം സ്വന്തം നിലയ്ക്ക് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടും, കെ.എസ്.ആർ.ടി.സി.-യെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റണമെന്ന ഉദ്ദേശ്യത്തോടെയും തയ്യാറാക്കിയ പുനഃരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. നഷ്ടത്തിൽ ഓടിയിരുന്ന 1031 സർവ്വീസുകൾ ക്രമപ്പെടുത്തി നഷ്ടം ഉണ്ടാകാത്ത തരത്തിൽ ഓടിച്ചു തുടങ്ങി. ഇതുമൂലം കോർപ്പറേഷന്റെ വരവ് ചെലവ് അന്തരം ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു
2. റിസർവേഷൻ സൗകര്യം കൂടുതൽ മെച്ചമാക്കി.
3. പ്രസ്തുത പാക്കേജിലെ വ്യവസ്ഥ പ്രകാരം സൂപ്പർ ക്ലാസ് ബസുകൾ ഓടിക്കേണ്ടതുണ്ട്. ആയതിലേക്ക് 750 ലൈലാൻഡ് ഷാസികൾക്ക് ടെൻണ്ടർ നൽകി.
4. ബസ് യാത്രക്കാർക്കായി ഇൻഷ്വറൻസ് സെസ് നടപ്പാക്കുന്നതിലൂടെ കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസുകളിലേയ്ക്ക് ആകർഷിക്കുവാൻ പദ്ധതി ആവിഷ്കരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

5. വരുമാന ചോർച്ച തടയുന്നതിന് ജിപിആർഎസ് സൗകര്യത്തോടു കൂടിയ ഇറ്റിഎം ഘട്ടം ഘട്ടമായി എല്ലാത്തരം സർവ്വീസുകളിലും നടപ്പാക്കും.

6. യാത്രക്കാർക്കായി RFID (Radio Frequency Identity) നടപ്പിൽ വരുത്തും. ഇതുമൂലം കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസുകളിലേക്ക് ആകർഷിക്കുവാൻ കഴിയും.

7. നിലവിൽ കെ.റ്റി.ടി.എഫ്.ഡി.-യിൽനിന്നുമുള്ള കടം മുഴുവനായി പൊതുമേഖലാ ബാങ്കുകളിലേക്ക് മാറ്റുന്നതോടെ വായ്പാ തിരിച്ചടവ് പ്രതിമാസം 43 കോടി രൂപയിൽനിന്നും 15-20 കോടി രൂപയായി കുറയുകയും കാഷ് ഇൻഫ്ലോ വർദ്ധിക്കുകയും ചെയ്യും.

8. സാദ്ധ്യമായ ഡിപ്പോകളിലെല്ലാം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുവാനും പദ്ധതിയുണ്ട്.

9. ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുവാൻ നടപടികൾ എടുത്തു വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കെ.എസ്.ആർ.ടി.സി.-യെ കരകയറ്റുന്നതിനായിട്ടുള്ള പുനഃരുദ്ധാരണ പാക്കേജ് പ്രകാരം വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, കൊറിയർ പാഴ്സൽ സർവ്വീസ് എന്നീ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതികൾ നടപ്പിലാക്കുന്നതിനായിട്ടുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

കെ.എസ്.ആർ.ടി.സി.-യിൽ പാസഞ്ചർ ഇതര വാഹനങ്ങളുടെ ശീതീകരണം

331 (2206) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിലെ പാസഞ്ചർ ഇതര വാഹനങ്ങളുടെ തരംതിരിച്ച എണ്ണം ലഭ്യമാക്കുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിൽ എത്ര പാസഞ്ചർ ഇതര വാഹനങ്ങൾ ശീതീകരിച്ചിട്ടുണ്ട് ; ഇവയുടെ ശീതീകരണത്തിന് അടിയന്തരമായി ഉണ്ടായ സാഹചര്യമെന്തെല്ലാമായിരുന്നു ; ഇവയ്ക്കായി ചെലവാക്കിയ തുക എത്ര എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly